# US PROFILES



## ഡോ. സുനന്ദ നായർ



# ഡോ. സുനന്ദ നായർ

## നൃത്യതി നൃത്യതി ബ്രഹ്മപദം...
## കല തന്നെ ജീവിതം;
## നൃത്തത്തെ ഉപാസിക്കുന്ന ജീവിതയാനം

നൃത്തത്തെ ഉപാസിക്കുന്ന ജീവിതയാനമാണ് ഡോ. സുനന്ദ നായരുടേത്. കഥകളിയും ഭരതനാട്യവും മികവോടെ പകർന്നാടി പേരെടുത്തിട്ടും, കേരളത്തിന്റെ തനതുനൃത്തം എന്നതുകൊണ്ടാണ് മോഹിനിയാട്ടത്തെ അവർ നെഞ്ചോട് ചേർത്തത്. ഇന്ത്യയിൽ നിന്ന് മോഹിനിയാട്ടത്തിൽ ആദ്യമായി ബിരുദാനന്തരബിരുദം നേടിയ ഈ അതുല്യകലാകാരിയുടെ ശിക്ഷണം, പ്രഗത്ഭമതികളായ നിരവധി നർത്തകരെയാണ് ആസ്വാദന ലോകത്തിന് സംഭാവന ചെയ്തിട്ടുള്ളത്. കേരള സംഗീത നാടക അക്കാഡമി അവാർഡ് അടക്കമുള്ള പുരസ്കാരങ്ങൾ നേടിയ ഡോ. സുനന്ദ, നർത്തകിയായും നൃത്താധ്യാപികയായും അമേരിക്കയിലെ കലാസ്വാദകർക്ക് പ്രിയങ്കരിയാണ്.

തന്റെ നൃത്തസപര്യയെക്കുറിച്ചും നാൾവഴികളെക്കുറിച്ചും ഹ്യൂസ്റ്റനിൽ നിന്നും ഡോ.സുനന്ദ നായർ, ഇ-മലയാളി വായനക്കാരോട് സംസാരിക്കുന്നു...



**കോവിഡ് കാലത്തെപ്പറ്റി തുടങ്ങാം? എങ്ങനെ ആ ദശാസന്ധി പിന്നിട്ടു?**

തയ്യാറെടുപ്പുകൾക്ക് സമയം നൽകാതെ അപ്രതീക്ഷിതമായ കടന്നുവരവായിരുന്നല്ലോ കോവിഡിന്റേത്. ഒരു രാജ്യത്തെ മാത്രം ബാധിക്കുന്ന കാര്യമല്ല, ലോകമെമ്പാടും ലോക്ഡൗണിലേക്ക് കടന്ന സാഹചര്യം. ഇങ്ങനൊന്ന് സംഭവിക്കുമെന്ന് ആരും കരുതിയിരുന്നില്ല. ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വമായിരുന്നു എല്ലാവരുടെയും മനസ്സിൽ. ജീവിതം സാധാരണമട്ടിൽ തന്നെയാണെന്ന് നടിച്ചുകൊണ്ട് മാത്രമേ മുന്നോട്ട് നീങ്ങാൻ കഴിയുമായിരുന്നുള്ളൂ.

സ്കൈപ്പിലൂടെ ഇന്ത്യയിലെ കുട്ടികളെ ഡാൻസ് പഠിപ്പിക്കുമ്പോൾ ഞാൻ മുൻപ് ചിന്തിച്ചിരുന്ന കാര്യം, പേഴ്സണൽ ടച്ച് ഇല്ലാതെ എങ്ങനെ അതിനൊരു പൂർണത കൈവരുമെന്നായിരു



ന്നു. വിദ്യാർത്ഥിയുടെ ശേഷിയും മികവും കൃത്യമായി മനസ്സിലാക്കാൻ ആ മീഡിയത്തിലൂടെ സാധിക്കുമോ എന്നായിരുന്നു ആശങ്ക. എന്നാൽ, ഓൺലൈൻ ക്ലാസ് അല്ലാതെ വേറൊരു ഓപ്ഷൻ ഇല്ലെന്നുള്ള അവസ്ഥയാണ് കോവിഡ് സൃഷ്ടിച്ചത്. സൂമിലൂടെ ക്ലാസുകൾ സംഘടിപ്പിക്കാം എന്ന സാധ്യത ലോകമാകെ ആശ്വാസം പകർന്നത് സാങ്കേതികവിദ്യയുടെ സാധ്യത മനസ്സിലാക്കാനുള്ള അവസരമായി.

ആദ്യമാദ്യം ലോഗിൻ, ലോഗൗട്ട് പോലും പ്രയാസമായിരുന്നു. വൈഫൈ കണക്ഷനിലും ഇടയ്ക്ക് ബുദ്ധിമുട്ടുകൾ നേരിട്ടിരുന്നു. നമ്മൾ റൈറ്റ് എന്നു പറയുന്നത് സൂമിലൂടെ കുട്ടി കാണുമ്പോൾ ലെഫ്റ്റ് ആയിരിക്കും. അത്തരം ആശയക്കുഴപ്പങ്ങൾ പരിഹരിക്കപ്പെടാൻ കുറച്ച് സാവകാശം വേണ്ടിവന്നു. എല്ലാ തൊഴിൽമേഖലയിലും സൂം പ്രയോജനപ്പെട്ട കാഴ്ചയാണ് പിന്നീട് കണ്ടത്.

കോറിയോഗ്രാഫിക്കായാലും, റിസേർച്ചിനായാലും, വായനയ്ക്കായാലും എനിക്കായി മാറ്റിവയ്ക്കാൻ കൂടുതൽ സമയം ലഭിച്ചു എന്നതാണ് കോവിഡ് മൂലമുണ്ടായ നേട്ടം. അതുവരെ, രണ്ടുമൂന്ന് മാസങ്ങൾ കൂടുമ്പോൾ എപ്പോഴും യാത്രകൾ ഉണ്ടായിരുന്നു. അതൊന്നുമില്ലാതെ സ്വസ്ഥമാകുമ്പോൾ കൂടുതൽ കാര്യങ്ങൾ പഠിക്കാനും അറിയാനും സാധിച്ചു. എന്നിരുന്നാലും, എപ്പോഴും പെർഫോമൻസ് കാഴ്ചവച്ചിരുന്ന ഏതൊരു ആർട്ടിസ്റ്റിനെയും പോലെ, അതിന് അവസരം ലഭിക്കാത്തതിന്റെ സങ്കടം ഉണ്ടായിരുന്നു. കുട്ടികൾ ഏതുസമയവും ഉണ്ടായിരുന്നതിനാൽ, എക്സ്ട്രാ ക്ലാസുകൾ നൽകാനും കഴിഞ്ഞിരുന്നു.

**കോവിഡ് കാലത്തെ അനുഭവങ്ങൾ എന്തൊക്കെ?**

ഓൺലൈനിൽ ഡാൻസ് ഫെസ്റ്റിവലുകൾ തുടങ്ങി. ഇന്ത്യയിൽ നിന്നുള്ള പ്രഗത്ഭരായ നർത്തകരെയും പുതുമുഖങ്ങളെയും ഇതിൽ ഉൾക്കൊള്ളിച്ചിരുന്നു. രണ്ടാഴ്ച കൂടുമ്പോൾ അർപ്പണ എന്ന പേരിൽ നടത്തിയിരുന്ന ഫെസ്റ്റിവലിന് മികച്ച സ്വീകാര്യത ലഭിച്ചു. വിദ്യാർത്ഥികളോട് ഈ നൃത്താവതരണങ്ങൾ കാണാനും നിർദ്ദേശിച്ചിരുന്നു. സീനിയർ ആർട്ടിസ്റ്റുകൾ സ്റ്റേജിൽ നടത്തുന്ന പ്രകടനങ്ങൾ കണ്ടുമനസ്സിലാക്കാനും ഇന്ത്യൻ ശാസ്ത്രീയ നൃത്തം കൂടുതൽ അടുത്തറിയുന്നതിനും അവർക്കത് സഹായകമായിത്തീർന്നു.

പത്മശ്രീയും പത്മഭൂഷണും ഒക്കെ ലഭിച്ച രാജ്യത്തെ മികച്ച നർത്തകരുടെ ടോക്ക് ഷോ ‘വാചിക’ എന്ന പേരിൽ സംഘടിപ്പിച്ചിരുന്നു. വലിയ ആർട്ടിസ്റ്റുകളുമായി കുട്ടികൾക്ക് ആശയവിനിമയം നടത്താനുള്ള സാഹചര്യം അതിലൂടെ ഒരുങ്ങി. നൃത്തസപര്യയിൽ അവർ താണ്ടിയ വഴികളും അനുഭവങ്ങളുമാണ് ഒന്നരമണിക്കൂർ ദൈർഘ്യമുള്ള പരിപാടിയിൽ പ്രധാനമായും പങ്കുവച്ചിരുന്നത്. മൂന്നുനാലുമാസങ്ങൾ നീണ്ടുനിന്ന നാട്യശാസ്ത്ര ക്ലാസ്സുകളും ഓൺലൈനായി നടത്തി. സമ്പത എന്ന പേരിൽ തിയറിയും പ്രാക്ടിക്കലും ഉൾപ്പെടുന്ന നൃത്തപരീക്ഷയിലും കുട്ടികൾ പങ്കെടുത്ത് വിജയിച്ചു. കനക നൃത്യോത്സവം എന്നുപറഞ്ഞ് മോഹിനിയാട്ടത്തിന്റെ ഒരു ഫെസ്റ്റിവലും നടത്തി.

**കോവിഡ് പഠിപ്പിച്ച പാഠങ്ങൾ?**

നമ്മുടെ കുടുംബവും സുഹൃത്തുക്കളും എല്ലാം സുരക്ഷിതരായിരിക്കുന്നതാണ് ജീവിതത്തിൽ ഏറ്റവും വലിയ കാര്യമെന്ന് തിരിച്ചറിഞ്ഞു. എന്തോ ഭാഗ്യം കൊണ്ട്, എന്റെ കുടുംബത്തിനോ സുഹൃത്തുക്കൾക്കോ അടുത്തറിയുന്നവർക്കോ ഒന്നും കോവിഡ് മൂലം വലിയ നഷ്ടങ്ങൾ വന്നില്ല. പ്രതിസന്ധിയിലൂടെ കടന്നുപോയ നിരവധി ആളുകളുണ്ടെന്നറിയാം. ഒന്നും നമ്മുടെ കയ്യിലല്ല. ഒരു മഹാമാരി അപ്രതീക്ഷിതമായി കടന്നുവരികയും സംഹാരതാണ്ഡവം ആടിയശേഷം ശാന്തമാവുകയും ചെയ്തു എന്ന് കരുതാം. കോവിഡ് സമയത്ത് ജനിച്ച കുഞ്ഞുങ്ങൾ, സ്കൂളിൽ ആദ്യമായി പോയി തുടങ്ങിയ കുട്ടികൾ... ഇവർക്കൊക്കെ

സാധാരണജീവിതം പരിചിതമാകാൻ തന്നെ എത്ര നാളെടുത്തു എന്നോർത്ത് സങ്കടം തോന്നാറുണ്ട്. ജീവിതത്തിൽ ഇതിനുമുൻപ് സുന്ദരമായൊരു കാലഘട്ടം ആസ്വദിക്കാൻ സാധിച്ചു എന്നതുകൊണ്ട് നമ്മൾ അനുഗ്രഹീതരാണ്.

**കേരളവുമായുള്ള ബന്ധം?**

അമ്മയുടെ വീട് മേടത്തൂർ വൈദ്യമഠത്തിനടുത്താണ്. അച്ഛന്റെ വീട് പട്ടാമ്പിയിൽ. മുംബൈയിലാണ് ഞാൻ ജനിച്ചുവളർന്നത്. കേരളത്തിൽ ഇപ്പോഴും കസിൻസൊക്കെയുണ്ട്. അമ്മയുടെ ചേച്ചിയും മക്കളും ഒക്കെ അവിടെയാണ്. വാട്സാപ്പ് ഉള്ളതുകൊണ്ട് എല്ലാവരുമായി ബന്ധപ്പെട്ടിരിക്കാൻ സാധിക്കുന്നുണ്ട്. നൃത്തപരിപാടികളുമായി ബന്ധപ്പെട്ട് നിരവധി തവണ കേരളത്തിൽ വന്നിട്ടുണ്ട്.





**അമേരിക്കയിൽ വരാൻ ആഗ്രഹമുണ്ടായിരുന്നോ?**

ഞങ്ങൾ രണ്ടുപേരും അമേരിക്കയിൽ വരണമെന്ന് ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. 'അൺ എക്സ്പെക്ടഡ് മൂവ്' എന്ന് തന്നെ പറയാം. പെട്ടെന്നെടുത്ത തീരുമാനമാണ്. മോന് എട്ട് വയസ്സായപ്പോഴാണ് ഭർത്താവ് ആനന്ദിന് ഇവിടെനിന്ന് നല്ലൊരു ഓഫർ വന്നത്. ആനന്ദ് മർച്ചന്റ് നേവി ക്യാപ്റ്റൻ ആയിരുന്നു. എപ്പോഴും കടലിൽ യാത്രചെയ്ത് ശീലിച്ചതുകൊണ്ട് മുംബൈയിലെ ജീവിതത്തോട് പൊരുത്തപ്പെടാൻ അദ്ദേഹത്തിന് എളുപ്പമായിരുന്നില്ല. അതുകൊണ്ടുതന്നെ ഇവിടൊരു ജോലി ശരിയായപ്പോൾ കൂടുതൽ ചിന്തിക്കേണ്ടിയിരുന്നില്ല.

എന്റെ കരിയർ അപ്പോഴേക്കും നല്ലൊരു ലെവലിൽ എത്തിനിൽക്കുകയായിരുന്നു. എങ്കിലും മകന്റെ പഠനവും മറ്റും ചിന്തിച്ചപ്പോൾ ഇവിടേക്ക് മാറാമെന്ന് ഉറപ്പിച്ചു. അമേരിക്കയിൽ ആദ്യം വന്നപ്പോൾ ഒന്നും ചെയ്യാനില്ലാതെ വല്ലാത്ത അവസ്ഥ ആയിരുന്നു. ബ്രേക്ക് എടുക്കലൊന്നും എനിക്കങ്ങനെ ഉണ്ടായിട്ടില്ല. ഡാൻസ് ക്ലാസും, യാത്രകളും, പെർഫോമൻസുമായി എപ്പോഴും ആക്റ്റീവ് ആയിരുന്ന എനിക്ക് മൂന്നാഴ്ച വെറുതെ വീട്ടിരുന്നപ്പോൾ  ഈ സാഹചര്യവുമായി പൊരുത്തപ്പെടാനാകുമോ എന്ന ചിന്തയായി.

ആയിടയ്ക്ക് അടുത്ത് താമസിക്കുന്ന മലയാളികൾ പരിചയപ്പെടാൻ വന്നു. തിരുവാതിരകളിയിൽ അവരെ സഹായിക്കുമോ എന്നും ചോദിച്ചു. അവിടെനിന്ന് മക്കളെ ഡാൻസ് പഠിപ്പിക്കാമോ എന്നുള്ള അന്വേഷണങ്ങൾ എത്തിത്തുടങ്ങി. ഒരു വർഷമായപ്പോൾ നല്ലൊരുപിടി വിദ്യാർത്ഥികളുമായി ഡാൻസ് സ്കൂൾ വലുതായി.

കത്രീന കൊടുങ്കാറ്റ് വന്നപ്പോൾ ലൂസിയാനയിലെ താമസസ്ഥലം വെള്ളത്തിലായി. കയ്യിൽ കിട്ടിയതൊക്കെ എടുത്ത് ഹ്യൂസ്റ്റണിലേക്ക് മാറേണ്ടി വന്നു. കേടുപാടുകൾ തീർത്ത് പഴയവീട് ശരിപ്പെടുത്താൻ ഒരു വർഷമെടുത്തു. ഇതിനിടയിൽ, ഹ്യൂസ്റ്റണിലെ എജ്യുക്കേഷണൽ സിസ്റ്റം കൂടുതൽ നല്ലതാണെന്ന് എനിക്ക് അനുഭവപ്പെട്ടതോടെ ഇവിടെ തുടരാൻ തീരുമാനിച്ചു.

ഡാൻസ് സ്കൂൾ ഒന്നിൽനിന്ന് തുടങ്ങാൻ സാധിക്കില്ലെന്നാണ് കരുതിയത്. നൃത്തത്തെ ഞാൻ വേണ്ടെന്ന് വച്ചാലും അതെന്റെ പിന്നാലെ വരും. എന്നിലെ അദ്ധ്യാപികയിൽ വിശ്വാസമർപ്പിച്ച് ധാരാളം കുട്ടികളുടെ രക്ഷകർത്താക്കൾ എത്തിത്തുടങ്ങി. പഠിപ്പിക്കാൻ എനിക്കും വലിയ താല്പര്യമാണ്. നമ്മുടെ മക്കൾ പിച്ചവയ്ക്കുമ്പോഴും നടക്കാൻ പഠിക്കുമ്പോഴും തോന്നുന്ന അതേ സന്തോഷമാണ്, വിദ്യാർത്ഥികൾ തെറ്റാതെ ചുവടുവയ്ക്കുമ്പോൾ തോന്നുന്നത്.

**കലാരംഗത്തെ പ്രവർത്തനങ്ങൾ ?**

അതിനെക്കുറിച്ച് പറഞ്ഞാൽ ഒരു പുസ്തകം തന്നെ എഴുതാം. പ്രൊഫഷണൽ ആർട്ടിസ്റ്റായിട്ട്

വർഷമായി. ഞാൻ ഇന്ത്യയിൽ നിന്ന് പോകുന്നതിന് മുൻപേ തന്നെ എന്റെ വിദ്യാർത്ഥികളിൽ പലരും ഭരതനാട്യത്തിനും മോഹിനിയാട്ടത്തിനും നാഷണൽ സ്കോളർഷിപ്പൊക്കെ നേടിയിട്ടുണ്ട്. ശിഷ്യഗണങ്ങൾ ദൂരദർശനിലെ ഗ്രേഡഡ് ആർട്ടിസ്റ്റ്സായി തീർന്നതും അഭിമാനകരമായ നേട്ടമായി കാണുന്നു. ഗവണ്മെന്റ് ഓഫ് ഇന്ത്യയുടെ അവാർഡുകളും സംസ്ഥാന അവാർഡുകളും നേടിയ വിദ്യാർത്ഥികളുമുണ്ട്.

**ഗുരുക്കന്മാർ?**

കഥകളി ആചാര്യൻ കലാമണ്ഡലം കൃഷ്ണൻകുട്ടി വാര്യരാണ് എന്റെ ആദ്യഗുരു. ദീപക് മസുംദാ ആണ് എന്നെ ശരിക്കും ഭരതനാട്യം നർത്തകിയായിട്ട് മാറ്റിയെടുത്തത്. ഭരതനാട്യവും കഥകളിയും ഒരുപോലെ തന്നെ പരിശീലിച്ചിരുന്നു. കലൈമാമണി മഹാലിംഗം പിള്ളയിൽ നിന്നും, കലൈമാമണി കതറിവേലുപ്പിള്ളയിൽ നിന്നും ഭരതനാട്യം അഭ്യസിച്ചിരുന്നു. പത്മശ്രീ ചിത്ര വിശ്വേശരനിൽ നിന്ന് ഇപ്പോഴും ഭരതനാട്യം പഠിക്കുന്നുണ്ട്.

കേരളത്തിന്റെ തനതുനൃത്തം എന്ന നിലയിൽ മോഹിനിയാട്ടത്തെ പ്രൊമോട്ട് ചെയ്യണമെന്ന് തീരുമാനമെടുത്താണ് അതിൽ ശ്രദ്ധ കേന്ദ്രീകരിച്ചത്. മലയാളിയായതുകൊണ്ട് അതെന്റെ ഉത്തരവാദിത്തമാണെന്ന് തോന്നി. പത്മഭൂഷൺ ഡോ. കനക് റേലെയുടെ ശിക്ഷണത്തിലാണ് മോഹിനിയാട്ടം അഭ്യസിക്കുന്നത്. കഥകളി ഇപ്പോൾ പ്രാക്ടീസ് ചെയ്യുന്നത് കലാമണ്ഡലം ഗോപാലകൃഷ്ണൻ നായർ എന്ന ഗുരുവിന് കീഴിലാണ്.

**കലയിലേക്ക് തിരിയുന്നതിൽ മാതാപിതാക്കൾ ചെലുത്തിയ സ്വാധീനം?**

എല്ലാവരെയും പോലെ, മാതാപിതാക്കളുടെ താല്പര്യം കൊണ്ടുതന്നെയാണ് ഞാനും ആദ്യം നൃത്തം പഠിച്ചുതുടങ്ങിയത്. അതുമുന്നോട്ട് കൊണ്ടുപോയതും ഇവിടെ വരെ എത്തിച്ചതും എന്റെ പാഷൻ കൊണ്ടുതന്നെയാണ്. സ്കൂളിലും കോളജിലും എന്തുതിരക്ക് വന്നാലും നൃത്തത്തിനായി പ്രത്യേക സമയം നീക്കി വയ്ക്കാൻ ഞാൻ ശ്രദ്ധിച്ചിരുന്നു. പഠനം ഒഴികെയുള്ള സമയമെല്ലാം ഡാൻസ് ക്ലാസിൽ പ്രാക്റ്റീസും പഠിപ്പിക്കലും ഒക്കെയായിരുന്നു. ശനിയും ഞായറും പ്രോഗ്രാമുമായി തിരക്കിലായിരുന്നതും വീട്ടിൽ നിന്ന് അത്രത്തോളം സപ്പോർട്ട് കിട്ടിയിരുന്നതുകൊണ്ടുകൂടിയാണ്. നളന്ദയിൽ ചേർന്ന ശേഷം നൃത്തം മാത്രമായി ലോകം.





**വിദ്യാഭ്യാസം?**

ഞാനൊരു കോമേഴ്സ് ഗ്രാജുവേറ്റാണ്. ഇടയ്ക്ക് ലോ സ്കൂളിൽ ചേർന്നു. രണ്ടാം വർഷത്തിലെ നിയമ പരീക്ഷയ്ക്കൊപ്പം തന്നെയായിരുന്നു ഡാൻസ് കോളജിലും പരീക്ഷ. നൃത്തത്തിനാണ് ഞാൻ മുൻഗണന നൽകിയത്. മുംബൈയിൽ നിന്ന് ഫൈൻ ആർട്സിൽ ബിരുദവും ബിരുദാനന്തരബിരുദവും നേടി.91 മുതൽ 99 വരെ മുംബൈ യൂണിവേഴ്സിറ്റിക്കു കീഴിലുള്ള നളന്ദ നൃത്യ കലാവിദ്യാലയയിൽ ലെക്ച്ചറർ ആയിരുന്നു. 2016 ലാണ് ഡോക്ടറേറ്റ് എടുത്തത്.

**കല തന്നെയാണോ ജീവിതം?**

അതെ എന്ന് നിസ്സംശയം പറയാം. രാവിലെ എഴുന്നേൽക്കുന്നതുതന്നെ നൃത്തത്തെക്കുറിച്ച് ചിന്തിച്ചു കൊണ്ടാണ്. പ്രാണവായു പോലെ എനിക്കത് പ്രധാനമാണ്. താളം കേട്ടാൽ താനേ ചുവടുവയ്ക്കുന്നൊരവസ്ഥയിൽ നൃത്തം എന്റെ ഉള്ളിൽ കടന്നുകൂടിയിട്ടുണ്ട്. ഞരമ്പുകളിൽ, ചിന്ത





പുത്രി സിയാ നായരുടെ അരങ്ങേറ്റം

കളിൽ എല്ലാം നൃത്തം വരിഞ്ഞുമുറുകിയിരിക്കുകയാണ്. പൂർണ്ണമായും കലയിൽ സമർപ്പിതമായാണ് ജീവിതം മുന്നോട്ടുപോകുന്നത്.

**ജീവിതത്തിലെ ഏറ്റവും വലിയ തുണ?**

ഒരു വ്യക്തിയെക്കുറിച്ചായിരിക്കും നിങ്ങൾ പ്രതീക്ഷിക്കുക. എന്നെ സംബന്ധിച്ച് എന്റെ ഏറ്റവും വലിയ തുണ എക്കാലവും നൃത്തം തന്നെയാണ്. സന്തോഷം, സങ്കടം, വിജയം, പരാജയം, പിരിമുറുക്കങ്ങൾ, വേദന അങ്ങനെ എന്റെ വികാരവിചാരങ്ങളെല്ലാം സംവേദിക്കുന്നതും പങ്കുവയ്ക്കുന്നതും നൃത്തവുമായാണ്. എന്നെ ഇത്രത്തോളം മനസ്സിലാക്കുന്ന ഒരു സുഹൃത്ത് വേറെയില്ല, സന്തത സഹചാരി എന്നുവേണമെങ്കിൽ പറയാം. 'സെക്കൻഡ് സ്കിൻ' എന്നും വിശേഷിപ്പിക്കാം. എന്നിൽനിന്ന് നൃത്തത്തെ വേർപെടുത്താനാകില്ല. ഇരുപത്തിനാലുമണിക്കൂറും ഒരു മുഷിപ്പും കൂടാതെ സമയം ചെലവിടാനും പൂർണമായി വിശ്വാസമർപ്പിക്കാനും നൃത്തമാണ് ഒപ്പമുള്ളത്.

കുടുംബവുമൊത്ത് സമയം ചിലവിടുമ്പോൾ നൃത്തത്തെക്കുറിച്ച് അധികം സംസാരിക്കാറില്ല. എന്റെ വീട്ടിൽ വന്നാൽ നൃത്തത്തിന് ലഭിച്ച അവാർഡുകളും നിങ്ങൾക്ക് കാണാൻ കഴിയില്ല. എന്റെ സ്റ്റുഡിയോയിലാണ് പുരസ്കാരങ്ങളും നൃത്തവുമായി ബന്ധപ്പെട്ട എനെർജിയുമെല്ലാം. നൃത്തത്തെക്കുറിച്ച് ആരുമായും സംസാരിച്ചില്ലെങ്കിൽ പോലും, അതെന്റെ കൂടെ തന്നെയുണ്ട്- അന്തർലീനമായ വികാരം പോലെ.



സിയാ നായർ

**മക്കൾ എന്തുചെയ്യുന്നു?**

മകൻ കെമിക്കൽ എഞ്ചിനീയറിങ് പാസായ ശേഷം റൈസ് യൂണിവേഴ്സിറ്റിയിൽ നിന്ന് എംബിഎ ചെയ്തു. അവന്റെ ഭാര്യ അനിത ഫിനാൻസ് ഡിപ്പാർട്മെന്റിലാണ്. മകൾ പന്ത്രണ്ടാം ക്ലാസ് കഴിഞ്ഞു. ബിസിനസ് മാനേജ്മന്റ് പഠിക്കാൻ യൂണിവേഴ്സിറ്റിയിൽ ചേർന്നു. ഈ വർഷമായിരുന്നു അവളുടെ അരങ്ങേറ്റം.

**ബാല്യകാല സ്മരണകൾ? സ്കൂൾ-കോളജ് കാലം?**

കുട്ടിക്കാലത്ത് ഞാനൊരു ഡാൻസർ മാത്രമായിരുന്നില്ല, അത്‌ലെറ്റ് കൂടിയായിരുന്നു. സ്പ്രിന്റ്, ഹൈജംപ്, ലോങ്ങ് ജംപ് എന്നിവയിലെല്ലാം സജീവമായിരുന്നു. ഇന്റർ-സ്കൂൾ കോംപെറ്റീഷനിലും പങ്കെടുത്ത് പ്രൈസ് വാങ്ങിയിട്ടുണ്ട്. സ്കൂളിൽ എല്ലാവർക്കും അറിയാവുന്ന, ടീച്ചർമാർക്കൊക്കെ പ്രിയങ്കരിയായ സ്റ്റുഡന്റായിരുന്നു. സ്റ്റാർ എന്നുതന്നെ പറയാം.

പന്ത്രണ്ടാം ക്ലാസ്സിൽ പ്രിൻസിപ്പാളിന്റെ കയ്യിൽ നി

ന്ന് പ്രത്യേക അവാർഡ് ഒക്കെ ലഭിച്ചിരുന്നു. ഒന്നര മണിക്കൂർ ദൈർഘ്യമുള്ള 'ഫ്ലോ ഓഫ് ദി ഗംഗ' എന്ന ഡാൻസ് ഡ്രാമ അന്ന് കൊറിയോഗ്രാഫ് ചെയ്തിരുന്നു. കോളജിൽ ബാഡ്മിന്റൺ ചാമ്പ്യനായിരുന്നു. കൂടാതെ, ക്യാരംസിലും ചെസ്സിലും എല്ലാം ചാമ്പ്യൻഷിപ്പ് നേടിയിരുന്നു. ഭരതനാട്യവും കഥകളിയും പഠിക്കുന്നതിനൊപ്പം തന്നെ പഠിപ്പിക്കുകയും ചെയ്തിരുന്നു.

എന്നിലൊരു അദ്ധ്യാപികയുണ്ടെന്ന് മാഷാണ് കണ്ടെത്തിയത്. നൃത്തം അഭ്യസിക്കാനെത്തിയ ചില കുട്ടികളോട് അദ്ദേഹം റിട്ടയർ ചെയ്യുകയാണെന്നും ഇനിമുതൽ സുനന്ദ ക്ലാസ് ഏറ്റെടുത്ത് നടത്തുമെന്നും പറഞ്ഞപ്പോൾ ആദ്യമൊരു പരിഭ്രമമായിരുന്നു.

അന്ന് വെറും പതിനാറുവയസ്സേ എനിക്കുള്ളൂ. ഒന്നുരണ്ടു വർഷം മാഷ് എന്റെയൊപ്പം നിന്ന് താളം തട്ടിത്തരികയും എന്നിലെ അദ്ധ്യാപികയ്ക്ക് ആത്മവിശ്വാസം പകരുകയും ചെയ്തു. അദ്ദേഹം, എന്റെമേൽ അർപ്പിച്ച വിശ്വാസമായിരുന്നു കൈമുതൽ.

ആ പ്രായത്തിൽ 62 കുട്ടികളെ എങ്ങനെ പഠിപ്പിച്ചെടുത്തു എന്ന് ഇപ്പോൾ ചിന്തിച്ചാൽ പറയാൻ ഉത്തരമില്ല.

എന്റെ മകൾക്കിപ്പോൾ 17 വയസ്സായി. അതിനേക്കാൾ ചെറുപ്പത്തിൽ ഞാനൊരു ടീച്ചറായിരുന്നല്ലോ എന്നോർക്കാറുണ്ട്. ആ രക്ഷകർത്താക്കൾ എന്നിൽ വിശ്വാസം അർപ്പിച്ചല്ലോ എന്നതും വലിയ കാര്യമാണ്. ഇന്റർ കോളജ് ലെവലിൽ ഭരതനാട്യത്തിന് ഗോൾഡ് മെഡൽ നേടിയ ശേഷമാണ് ഇതാണെന്റെ കർമ്മമണ്ഡലം എന്നൊരു ചിന്ത ഉദിച്ചത്. നൃത്തത്തിൽ കൂടുതൽ ശ്രദ്ധിക്കാനും പരിശീലനം നേടാനും തുടങ്ങിയതും അതിന് ശേഷമാണ്.

ഡിഗ്രിക്ക് മോഹിനിയാട്ടത്തിന് ചേർന്നു. നളന്ദ നൃത്യ കലാ മഹാവിദ്യാലയയിൽ പദ്മഭൂഷൺ ഡോ. കനക റെലെയുടെ ശിക്ഷണത്തിലാണ് ഡോക്ടറേറ്റ് നേടിയത്. നൃത്തം തന്നെയാണെന്റെ ലോകം.

**പുരസ്കാരങ്ങൾ?**

2011 ൽ കേരള സംഗീത നാടക അക്കാഡമിയുടെ കലാശ്രീ അവാർഡ് ലഭിച്ചിരുന്നു. കലാമണ്ഡലത്തിന്റെ കലാരത്നാ പുരസ്കാരവും നേടിയിട്ടുണ്ട്. കൂടാതെ, അഭിനയ ശിരോമണി, ശിങ്കാരമണി, അനന്ത മാർഗ്ഗശീർഷ നാട്യ പുരസ്കാരം നായർ സംഗമം, ചെന്നൈ നാട്യാഞ്ജലി ട്രസ്റ്റിന്റെ നാട്യമയൂരി പുരസ്കാരം, മുദ്രയ് പതിത്ത വിരൽകൾ പുരസ്കാരം, നാട്യശ്രീ, ദേവദാസി നാഷണൽ അവാർഡ്, നളന്ദ കനക നർത്തന പുരസ്കാരം എന്നിവയും ലഭിച്ചു. 2020 ലെ ത്യാഗരാജ ഫെസ്റ്റിവലിൽ നൃത്യ സേവാമണി അവാർഡ് പ്രഖ്യാപിച്ചിരുന്നു. ഇതുവരെ സ്വീകരിക്കാനായിട്ടില്ല.



